വർഗ്ഗീസ്, ന്യൂജേഴ്സിയിൽ എസ്.കെ. പിള്ള തുടങ്ങിയവർ ശ്രദ്ധേയരാണ്. അയത്നലളിതമായി കഥ പറയുന്ന നോവലിസ്റ്റാണ് മാത്യു നെല്ലിക്കുന്ന്. കഥ പറയാനുള്ള കഴിവ് നെല്ലിക്കുന്നിനുണ്ട്. വാക്കുകൾ കൊണ്ട് ചിത്രം വരയ്ക്കാനുള്ള നെല്ലിക്കുന്നിന്റെ കഴിവ് പല നോവലുകളിലും പ്രകടമാകുന്നുണ്ട്. സാധാരണ മനുഷ്യരുടെ കഥ പറയുന്ന നെല്ലിക്കുന്നിന്റെ നോവലുകളിൽ സെക്സിന്റെ അതിപ്രസരം പലയിടത്തും ദർശിക്കാമെന്നിരിക്കിലും, ജീവിതത്തിന്റെ ദുരൂഹതകളിലേക്കും നോവലിസ്റ്റു കടന്നുചെല്ലുന്നുണ്ട്. "ജീവിതത്തിന്റെ അർത്ഥങ്ങൾ തേടി അയാളുടെ മനസ്സ് കറങ്ങി. ദുഃഖം— അതായിരിക്കാം ജീവിതത്തിന്റെ അസ്തിത്വത്തിലെ സ്ഥായിഭാവം. വേർപാടിന്റെ വേദനമാത്രമാണോ ജീവിതം? ദുഃഖത്തെ അതിജീവിക്കാൻ എന്തെങ്കിലുമുണ്ടോ?" ഈ അന്വേഷണം "സൂര്യവെളിച്ച"ത്തിലെ നായകനെ എത്തിക്കുന്നത് സ്ഫടികജലം നിറഞ്ഞ നിശ്ചലമായ തടാകത്തിന്റെ ശാന്തതയുള്ള സ്വാമിയുടെ അടുത്താണ്. "മായകളുടെ ക്ഷണികത്വവും നിത്യസത്യങ്ങളുടെ പൊരുളും അയാൾ അറിഞ്ഞു. കാമം മരണമാണ്. കോപവും ദുഃഖവും അതിനു വേഗതകൂട്ടും. ഒരു ദുരന്തത്തിലെ ബാക്കി വെളിച്ചമാണ് ജീവിതം. അതിന്റെ മുന്നിലെ ഇരുട്ടാണ് മരണം. ഒട്ടിയ പാശങ്ങൾ അറുത്തെറിയുമ്പോൾ മരണത്തിന്റെ ചിറകൊടിയും. വിരക്തിയുടെ നിർവൃതി നേടും. ശാന്തിതീരങ്ങൾ കണ്ടെത്തും." ലൈംഗികതയിലും റൗഡിസത്തിലും മുഴുകി ജീവിതത്തിന്റെ അഴുക്കുചാലിലൂടെ ഒഴുകി നീങ്ങിയ "സൂര്യവെളിച്ച" ത്തിലെ നായകന്റെ ഈ പരിണാമമാണ് നെല്ലിക്കുന്ന് എന്ന നോവലിസ്റ്റിനെ ഒരു പൈങ്കിളി സാഹിത്യകാരനിൽനിന്ന് ഉയർത്തി നിർത്തുന്ന ഘടകം. സൂകരപ്രസവം പോലെ നോവൽ രചനയിൽ ഏർപ്പെടാതെ ഗുണമേന്മയിൽ കൂടുതൽ ശ്രദ്ധിച്ചാൽ അമേരിക്കൻ മലയാളനോവലിന് വിലപ്പെട്ട സംഭാവനകൾ നല്കാൻ നെല്ലിക്കുന്നിന് കഴിയും. ചെറുകഥാരംഗത്തും തന്റെ പ്രതിഭ തെളിയിക്കാൻ ഇദ്ദേഹം ശ്രദ്ധിക്കുന്നു. തിരപ്പുറപ്പാട്, വെളിച്ചപ്പാട്, സാലഭഞ്ജിക തുടങ്ങിയ കഥാസമാഹാരങ്ങളും സൂര്യവെളിച്ചം, വേലിയിറക്കം, മഞ്ഞുവീണ തെരുവുകൾ, വേനൽ മഞ്ഞ് തുടങ്ങിയ നോവലുകളും ഇദ്ദേഹത്തിന്റേതാണ്. FOKANA നോവൽ വിഭാഗത്തിൽ 1996-ൽ ഒന്നാം സമ്മാനം നേടി.

മറ്റൊരു ശ്രദ്ധേയനായ നോവലിസ്റ്റാണ് ജോർജ്ജ് മണ്ണിക്കരോട്ട്. 'ജീവിതത്തിന്റെ കണ്ണീർ' (അമേരിക്കയിൽ ആദ്യം പ്രസിദ്ധീകൃതമായ നോവലാണിതെന്ന് നോവലിസ്റ്റ് അവകാശപ്പെടുന്നു) 'അമേരിക്ക,' 'അഗ്നിയുദ്ധം' (1992 FOKANA അവാർഡു നേടി) എന്നീ നോവലുകളും 'അകലുന്ന ബന്ധങ്ങൾ,' 'മൗനനൊമ്പരങ്ങൾ' തുടങ്ങിയ കഥാസമാഹാരങ്ങളും ഇദ്ദേഹത്തിന്റേതാണ്. വൈവിദ്ധ്യമാർന്ന പല ജീവിത മണ്ഡലങ്ങളിലേക്കും ഈ കഥാകാരൻ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ഹൂസ്റ്റണിൽ നിന്നിറങ്ങുന്ന 'കേരളനാദം' പത്ര